ആ 11 ഹൈസ്ക്കൂളുകളിലും കൂടി 63 അധ്യാപകർ. അത് ഗവൺമെന്റിന് നിഷേധിക്കാൻ പറ്റുകയില്ല. മാനേജുമെന്റ് കൃത്രിമം കാണിച്ചതൊന്നുമല്ല. ഒരു പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂൾ എന്നുള്ള തത്വം ഗവൺമെന്റ് അംഗീകരിച്ച് നിയമിച്ച 63 അധ്യാപകർക്ക് ഇന്നുവരെ ശമ്പളം കിട്ടിയിട്ടില്ല. സർ, ഇവിടെ പറഞ്ഞ അൺ-ഇക്കണോമിക് സ്ക്കൂളുകളുടെ, പ്രശ്നങ്ങൾ

10.00 A.M.] എന്താണെന്ന് ഗവൺമെന്റ് ആലോചിച്ച് ചെയ്താൽ മതി. അൺ-ഇക്കണോമിക് സ്ക്കൂളുകളിൽ ഗവൺമെന്റ് ഉദ്ദേശിച്ചത്രയും കുട്ടികളില്ലെന്നുള്ളത് ശരിയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഈ പ്രശ്നമുണ്ട്. അവിടെ കുട്ടികളുണ്ട്. അദ്ധ്യാപകർ പഠിപ്പിക്കുന്നുണ്ട്. അവരുടെ പ്രശ്നങ്ങൾക്ക് എങ്ങനെ പരിഹാരമുണ്ടാക്കാമെന്നുള്ളതും ആലോചിക്കണം. അതുപോലെ തന്നെ ഗസ്റ്റ് അദ്ധ്യാപകനിയമനങ്ങൾ ഒഴിവാക്കാൻ പറ്റുമോയെന്നുള്ളതും നോക്കണം.

<u>ശ്രീ. എം. എ. ബേബി</u> : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് മൂന്ന് കാര്യങ്ങളാണ് പറഞ്ഞത്. ഒന്ന്, പതിനൊന്ന് പഞ്ചായത്ത് സ്ക്കൂളുകളിലെ 63 അദ്ധ്യാപകരുടെ നിയമനത്തിന്റെ പ്രശ്നം. രണ്ടാമത്തേത്, അതിഥി അദ്ധ്യാപകരുടെ പ്രശ്നമാണ്. മറ്റൊന്ന്, അൺ-ഇക്കണോമിക് സ്ക്കൂളുകൾ എന്ന് വിശേഷിപ്പിക്കപ്പെടുന്ന സ്ക്കൂളുകളുടെ പ്രശ്നമാണ്. ഇത് മൂന്നും ഗൗരവത്തോടുകൂടി പരിഹരിക്കാൻ വേണ്ട നടപടി ഗവൺമെന്റ് കൈക്കൊള്ളും.

(2) താലിബാൻ മോഡൽ സമാന്തര കോടതികളുടെ പ്രവർത്തനം

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, എന്റെ അറിവിൽപ്പെട്ടിടത്തോളം നമ്മുടെ സംസ്ഥാനത്ത് പല സ്ഥലങ്ങളിലായി പോപ്പുലർ ഫ്രണ്ടിന്റെ നേതൃത്വത്തിലുള്ള 'ദാറൽ ഖദ' എന്നു പറയുന്ന കോടതികൾ പ്രവർത്തിക്കുന്നതായി അറിയുന്നു. .....(തടസ്സം).....ഞാൻ ഇത് പറയുന്നതിനു മുമ്പുതന്നെ .....

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട മെമ്പറെ പറയാൻ അനുവദിക്കൂ.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ഞാൻ രാഷ്ട്രീയമായിട്ടല്ല ഈ കാര്യം പറഞ്ഞത്. ഞാൻ അതിന് ഉദ്ദേശിക്കുന്നില്ല. എതായാലും ഞാൻ ഒന്നേ പറയുന്നുള്ളൂ. 'തലസ്ഥാനത്ത് മതകോടതികൾ കൂടി പതിനഞ്ച് കേസുകൾ തീർപ്പാക്കി'; മാതൃഭൂമി 20-7-2010. അതിനൊക്കെ മുമ്പ് വീക്ഷണം പത്രവും, ഈ കാര്യം റിപ്പോർട്ടു ചെയ്തു. അവരാണ് ഈ കാര്യം ആദ്യം റിപ്പോർട്ട് ചെയ്തത്, 'താലിബാൻ മോഡൽ കോടതികൾ'; 11-7-2010-ന് വീക്ഷണം പത്രം എഴുതി. എന്നുമാത്രമല്ല തൊടുപുഴയിൽ ന്യൂമാൻ കോളേജിലെ അദ്ധ്യാപകൻ ശ്രീ. ടി. ജെ. ജോസഫിന്റെ കൈപ്പത്തി വെട്ടിമാറ്റിയ സംഭവത്തെ കുറിച്ച് അന്വേഷിക്കുന്ന സംഘത്തിന് ഒരു സുപ്രധാന വിവരം ലഭിച്ചിട്ടുണ്ടത്രേ.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ താലിബാൻ മോഡൽ കോടതികൾ പ്രവർത്തിക്കുന്നുണ്ടെന്നും അതിന്റെ പേര് 'ദാറൽ ഖദ' ആണെന്നും ഇത് നിർബന്ധിത ബാദ്ധ്യത നിറവേറ്റൽ കേന്ദ്രമാണെന്നുമുള്ള റിപ്പോർട്ട് 11-7-2010-ന് ആദ്യമായി സംസ്ഥാനത്ത് പബ്ളിഷ് ചെയ്തത് വീക്ഷണം പത്രമാണ്. അത് കഴിഞ്ഞ് മാതൃഭൂമി ധാരാളം സന്ദർഭങ്ങളിൽ ഇത് കൊണ്ടുവന്നു. അതിൽ ഒന്നാണ് തലസ്ഥാനത്ത് മതകോടതികൾ കൂടി 15 കേസുകൾ തീർപ്പാക്കി എന്നുള്ള വാർത്ത. തീവ്ര ആശയങ്ങൾ പുലർത്തുന്ന 'ദാറൽ ഖദ' പ്രസ്ഥാനം സംസ്ഥാനത്ത് പലയിടത്തും ശരിഅത്ത് കോടതികൾ നടപ്പാക്കുന്നുവെന്ന് പോലീസിന് വിവരം ലഭിച്ചിരിക്കുന്നുവെന്നും മാതൃഭൂമി 20-7-2010-ന് റിപ്പോർട്ട് ചെയ്തു. മാതൃഭൂമി തന്നെ 19-7-2010-ന് 'അതിർത്തിയിൽ പോലീസ് കാവൽ' എന്ന പേരിൽ വേറൊരു കാര്യം കൂടി പ്രസിദ്ധപ്പെടുത്തുന്നു. തിരുവിതാംകോട് എന്ന് പറയുന്ന തലസ്ഥാനത്തിന്റെ അതിർത്തിയിൽ പോയി പോപ്പുലർ ഫ്രണ്ടിന്റെ നേതൃത്വത്തിൽ യോഗം ചേരുന്നു. ഇത്തരത്തിലുള്ള പരിപാടികൾ ആസൂത്രണം ചെയ്യുന്നു എന്ന്. മംഗളം പത്രം 16-7-2010-ന് പറയുന്നത് കേരളത്തിൽ പതിനാല് താലിബാൻ കോടതികൾ എന്നാണ്. ഞാൻ സമയക്കുറവുകൊണ്ട് വായിക്കുന്നില്ല. ഇത്തരത്തിലുള്ള കോടതികൾ ഇവിടെ പ്രവർത്തിക്കുന്നുവെന്ന് വിവിധ പത്രങ്ങളിൽ റിപ്പോർട്ടുണ്ടായിട്ടുണ്ട്. ഞാൻ ഒരു കാര്യം പറയട്ടെ, എന്റെ കോലം എത്ര കത്തിച്ചാലും ഞാനും എന്റെ പാർട്ടിയും ഇതിൽ നിന്നും പിൻവാങ്ങുന്ന പ്രശ്നമില്ല. ഒരു സംശയവും ആ കാര്യത്തിൽ വേണ്ട. 25-ാം തീയതി ഞായറാഴ്ച മാതൃഭൂമി പത്രത്തിൽ പറയുന്നത് എന്താണെന്ന് അറിയാമോ ? 'മുഖ്യമന്ത്രിയെ പ്രകോപിപ്പിച്ചത് ഇസ്ലാമിക ഭരണത്തിനുള്ള ആഹ്വാനം' എന്നാണ്. ആ സ്പിരിറ്റിൽ ഞാനും എടുക്കുന്നു. എന്നാൽ അതിൽ പറയുന്നത് എന്താണെന്ന് അറിയാമോ ? കാശ്മീരിൽ ജിഹാദി പ്രസ്ഥാനത്തിന് യുവാക്കളെ റിക്രൂട്ട് ചെയ്ത കേസിലെ പ്രതിയും തടിയന്റവിട നസീറിന്റെ ഉറ്റ അനുയായിയുമായ സർഫസ് നവാസ് എഴുതിയ 'ജനാധിപത്യത്തെ കുറിച്ച് ഒരു കാഴ്ച്ചപ്പാട്' എന്ന പുസ്തകം ആലുവയിൽ വച്ച് പോലീസ് കണ്ടെടുത്തു. അതാണ് ഇദ്ദേഹം കാട്ട് ചെയ്തത്. ആരാണ് സർഫസ് നവാസ്? മഅ്ദനിയുടെ ഒന്നാംതരം അനുയായി. പി.ഡി.പി.യുടെ സജീവ നേതാവായി പ്രവർത്തിച്ച ആളെ ഇപ്പോൾ മുഖ്യമന്ത്രി ന്യായീകരിക്കുകയാണ്. ആ പി.ഡി.പി. യുടെ പേര് പറയാൻ അങ്ങേയ്ക്ക് ധൈര്യമുണ്ടോ ? ഇത് ചെയ്തത് ആരാണ് ? മഅ്ദനിയുടെ അനുയായി. ഈ കോടതികളുടെ പ്രവർത്തനം തടയാൻ എന്ത് നടപടി വേണമെങ്കിലും സർക്കാർ എടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇത് നടത്തുന്നത് പോപ്പുലർ ഫ്രണ്ട് ആണെന്ന കാര്യത്തിൽ സംശയം വേണ്ട. പോപ്പുലർ ഫ്രണ്ട്, പി.ഡി.പി., ജമാഅത്ത് ഇസ്ലാമി, എൻ.ഡി.എഫ്., ഇവയെല്ലാം ഒരു അമ്മയുടെ കുഞ്ഞുങ്ങളാണെന്ന് നിങ്ങൾ ആലോചിക്കണം. ഇവരെയ ശക്തിയായി തടയാനുള്ള നടപടി കൈക്കൊള്ളണമെന്നാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് വിവിധ പത്രങ്ങളിൽ വന്നിട്ടുള്ള വാർത്തകൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്തി. ഇത് സംബന്ധിച്ചുള്ള റിപ്പോർട്ടുകളനുസരിച്ച് ഗവൺമെന്റിന് ഈ പത്രങ്ങൾ നൽകിയിട്ടുള്ള വിവരങ്ങൾ സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. മതവിശ്വാസികൾക്കിടയിലുള്ള കുടുംബ പ്രശ്നങ്ങൾ, അതിർത്തി തർക്കങ്ങൾ, സ്വത്തുതർക്കങ്ങൾ മുതലായ വ്യക്തിപരവും പ്രത്യേക സമൂഹത്തിലെ തർക്കങ്ങളും പരിഹരിക്കാനായി മത പണ്ഡിതന്മാരുടെ നേതൃത്വത്തിൽ ചില കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള 'ദാറൽ ഖദ' എന്ന സംവിധാനം 1-7-2009-ൽ മലപ്പുറം മുനിസിപ്പൽ ടൗൺ ഹാളിൽ വച്ച് ആൾ ഇന്ത്യാ മുസ്ലീം പേഴ്സണൽ ലാ ബോർഡ് സെക്രട്ടറി മൗലാനാ മുഹമ്മദ് വാലി റഹ്മാനി ഉത്ഘാടനം ചെയ്തതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. താലിബാൻ കോടതി വിധിയിലുള്ള നടപടിക്രമങ്ങളോ വിധിന്യായങ്ങളോ ഉണ്ടായതായുള്ള ആക്ഷേപം ഇതുവരെ ഗവൺമെന്റിന് ലഭിച്ചിട്ടില്ല. തമിഴ്നാട് സംസ്ഥാനത്തിലെ കന്യാകുമാരി ജില്ലയിലെ തക്കല പോലീസ് സ്റ്റേഷൻ അതിർത്തിയിലുള്ള തിരുവിതാംകോട് എന്ന സ്ഥലത്ത് റഷീദ ആഡിറ്റോറിയത്തിൽ വച്ച് ദാറൽ ഇസ്ലാം ഫൗണ്ടേഷൻ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ മഹാരാഷ്ട്രയിലെ റിട്ടയേർഡ് ഐ.പി.എസ്. ഉദ്യോഗസ്ഥനായ ശ്രീ. എസ്.എം. മുഷറഫ് എഴുതിയ 'ഹൂ കിൽഡ് താക്കറെ' എന്ന പുസ്തകത്തിന്റെ തമിഴ് പതിപ്പിന്റെ പ്രകാശനം നിർവ്വഹിച്ചതായുള്ള റിപ്പോർട്ട് വന്നിട്ടുണ്ട്. ഇത് സംബന്ധിച്ച് കേരള പോലീസിന് ലഭിച്ചിട്ടുള്ള വിവരങ്ങൾ തമിഴ്നാട് പോലീസിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള നിയമസംവിധാനത്തിന് ബദലായി താലിബാൻ മോഡലിലോ മറ്റ് വിധത്തിലോ ഉള്ള ഒരു സംവിധാനം സംസ്ഥാനത്ത് പ്രവർത്തിക്കാൻ ഗവൺമെന്റ് അനുവദിക്കുകയില്ല. സ്വയം കോടതിയും പോലീസും ചമയുന്ന രീതി ജനാധിപത്യ സമൂഹത്തിന് ഒരിക്കലും അനുവദിക്കാൻ സാധിക്കുന്നതല്ല. ഇവിടെ ഇതു സംബന്ധിച്ചുള്ള ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നത് പോപ്പുലർ ഫ്രണ്ട് ഓഫ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ ഇരുപതോളം പോഷക സംഘടനകൾ പ്രവർത്തിക്കുന്നതായി അവർ അവകാശപ്പെടുന്നുണ്ട്. അതിനകത്ത് അവർ പറയുകയാണ് സമുദായ അംഗങ്ങൾക്കിടയിലുണ്ടാകുന്ന തർക്കങ്ങൾ രമ്യമായി പരിഹരിക്കുന്നതിനായി മുസ്ലീം പേഴ്സണൽ ലാ ബോർഡിനുകീഴിലുള്ള ദാറൽ ഖദാ സംവിധാനത്തിന് കേരളത്തിലെ ഇമാം കൗൺസിൽ നേതൃത്വം കൊടുക്കുന്നു എന്ന്. അപ്പോൾ പോപ്പുലർ ഫ്രണ്ട് ഓഫ് ഇൻഡ്യയുടെ നേതൃത്വത്തിൽ സംസ്ഥാനത്തൊരു ഇമാം കൗൺസിൽ പ്രവർത്തിക്കുന്നു. ആ ഇമാം കൗൺസിലിന്റെ കീഴിൽ ഇങ്ങനെയൊരു

LIBRARY ARCHIVES Kerala Legislative Assembly

സംവിധാനമുണ്ടെന്നാണ് പോപ്പുലർ ഫ്രണ്ട് ഓഫ് ഇൻഡ്യയുടെ പ്രസിദ്ധീകരണത്തിൽ പറയുന്നത്. അതുകൊണ്ട് ഈ സംവിധാനം താലിബാൻ മോഡൽ കോടതിയായി പ്രവർത്തിക്കുന്നുണ്ടോ, നിയമവിരുദ്ധമായ തീരുമാനങ്ങളെടുക്കുന്നുണ്ടോ, നിയമവ്യവസ്ഥയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നുണ്ടോയെന്നുള്ള കാര്യം സംസ്ഥാന ഗവൺമെന്റ് ഗൗരവപൂർവ്വം പരിശോധിക്കുന്നതും ഇതു സംബന്ധമായ മറ്റു കാര്യങ്ങളെ സംബന്ധിച്ച് ഗവൺമെന്റ് നിയമപരമായി കാര്യങ്ങൾ പരിശോധിച്ചുകൊണ്ട് ആവശ്യമായ തീരുമാനം കൈക്കൊള്ളുകയും ചെയ്യും.

(3) ഡോക്ടർമാരുടെ അപര്യാപ്തത

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : സർ, തിരുവനന്തപുരം ജില്ലയിലെ ആദ്യത്തെ റഫറൽ ആശുപത്രിയും സ്പെഷ്യാലിറ്റി കേഡർ സംവിധാനത്തിന്റെ ഭാഗമായും കാഷ്വാലിറ്റി കേഡർ സംവിധാനത്തിന്റെ ഭാഗമായും കാഷ്വാലിറ്റി യൂണിറ്റ് ആരംഭിച്ചിട്ടുള്ളതുമായ ഒരു സ്ഥാപനമാണ് ചിറയിൻകീഴ് താലൂക്ക് ആശുപത്രി. എന്നാൽ സ്പെഷ്യാലിറ്റി കേഡർ സംവിധാനത്തിന്റെ ഭാഗമായി മേപ്പടി ആശുപത്രിയിൽ 18 ഡോക്ടർമാരുണ്ടായിരുന്നത് 23 ആയി വർദ്ധിച്ചു. അതിൽ സ്ഥലംമാറ്റം ലഭിച്ചവർ മാറിപ്പോയതിനാൽ ഇപ്പോൾ 15 ഡോക്ടർമാർ മാത്രമേ ജോലിക്ക് ഹാജരാകുന്നുള്ളൂ. 8 ഡോക്ടർമാർ ഇനിയും ജോലിക്ക് എത്തിയിട്ടില്ല. 3 കാഷ്വാലിറ്റി ഡോക്ടർമാർ, അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർമാർ, ഓഫീസർ ചെസ്റ്റ്, സ്കിൻ, മെഡിക്കൽ ജൂനിയർ കൺസൾട്ടന്റ്, സർജറി ജൂനിയർ കൺസൾട്ടന്റ് എന്നീ 8 ഡോക്ടർമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. കാഷ്വാലിറ്റിയിൽ ഒരു ഡോക്ടറാണ് ഇപ്പോഴുള്ളത്. സ്പെഷ്യാലിറ്റി ഡോക്ടർമാരാണ് കാഷ്വാലിറ്റിയുടെ ചുമതല വഹിക്കുന്നത്. രാത്രി ഡ്യൂട്ടി നോക്കുന്ന ഡോക്ടർ പിറ്റേ ദിവസം വരാറില്ല. അപ്പോൾ ആ വിഭാഗം ഒ.പി. മുടങ്ങുന്നു. ദിനംപ്രതി ആയിരത്തോളം രോഗികളാണ് ഒ.പി.യിൽ വരുന്നത്. ഈ രോഗികളിൽ അധികവും സാധാരണക്കാരും കയർ, മത്സ്യമേഖലയിലെ തൊഴിലാളികളുമാണ്. ഡോക്ടർമാരുടെ കുറവുകാരണം രോഗികൾ മണിക്കൂറുകളോളം ക്യൂ നിന്ന് വലയേണ്ട സ്ഥിതിയാണ് ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിലുള്ളത്. ഡോക്ടർമാർക്ക് ജോലിക്ക് വരാതിരിക്കാൻ സ്വാതന്ത്ര്യമുണ്ട്. അവധി എടുക്കാനുള്ള അവകാശമെല്ലാം ഉണ്ട്. പക്ഷേ പനിക്കും മറ്റ് രോഗങ്ങൾക്കും അവധി വരുന്നില്ല. പനിയും മറ്റും പിടിച്ചുവരുന്ന ആളുകളുടെ കാര്യത്തിൽ അവധിയുടെ അവകാശമുപയോഗിച്ചുകൊണ്ട് ഡോക്ടർമാർ വരാതിരിക്കുമ്പോൾ പകരം അവിടെ ഡ്യൂട്ടി ചെയ്യാൻ സന്മനസ്സുള്ള ഡോക്ടർമാർ ഉണ്ടാകണം. അവിടത്തെ ഡോക്ടർമാരുടെ ഷോർട്ടേജ് പരിഹരിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

LIBRARY ARCHIVES Kerala Legislative Assembly